**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3779** **06-08-2021 - ൽ മറുപടിയ്ക്ക്**

**സുതാര്യമായ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനായി അനുവദിക്കുന്ന പണം വകമാറ്റി ചെലവഴിച്ചുവരുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനായി അനുവദിക്കുന്ന പണം വകമാറ്റി ചെലവഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും സുതാര്യമായി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പ് പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് വകുപ്പ് തലത്തിലും ജില്ലാ തലത്തിലും പ്രതിമാസ യോഗങ്ങൾ നടത്തി വികസന പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുകയും പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തു വരുന്നു. വകുപ്പിന്റെ ആഭ്യന്തര ആഡിറ്റ് വിഭാഗം വകുപ്പ് നടപ്പാക്കുന്ന എല്ലാ പദ്ധതികളും വിശദമായി പരിശോധിക്കുകയും ന്യൂനത പരിഹരണ നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു വരുന്നു. വിവിധ പദ്ധതികളിലെ ആനുകൂല്യങ്ങൾ BIMS സോഫ്റ്റ്‌വെയറിലൂടെ ട്രഷറി മുഖേന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് ബഹു മുഖ്യമന്ത്രി, ബഹു. വകുപ്പ് മന്ത്രി , ചീഫ് സെക്രട്ടറി, വകുപ്പ സെക്രട്ടറി, എന്നിവരുടെ നേതൃത്വത്തിലുള്ള അവലോകനയോഗങ്ങൾ വഴി, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനായി രൂപീകരിച്ച കമ്മിറ്റി മുഖേനയും സംസ്ഥാനതലത്തിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നു. അതാത് ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജനപ്രതിനിധികൾ അംഗങ്ങളുമായുള്ള വർക്കിംഗ് ഗ്രൂപ്പ് ജില്ലാ തലത്തിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നു. വ്യക്തിഗത ആനുകൂല്യങ്ങൾ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ലഭ്യമാക്കുന്നതിനായുള്ള ഓൺലൈൻ സംവിധാനം NIC-യുടെ സഹായത്തോടെ പൂർത്തിയാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകൾ വകുപ്പിന്റെ ഡാറ്റാ ബേസിൽ ശേഖരിച്ച് സൂക്ഷിക്കുന്നതിനാൽ ബാങ്ക് അക്കൗണ്ട് നമ്പറുകൾ വ്യത്യാസപ്പെടുത്തുവാൻ സാധിക്കുകയില്ല. അപേക്ഷ സ്വീകരിക്കുന്നതുമുതൽ തുക ബാങ്ക് അക്കൗണ്ടിൽ സ്വീകരിക്കുന്നതുവരെയുള്ള വിവരം എസ്.എം.എസ് മുഖേന ഗുണഭോക്താക്കളെ അറിയിക്കുന്നു. |
| (സി) | പദ്ധതി നടത്തിപ്പിലെ അഴിമതികളും വീഴ്ചകളും അവസാനിപ്പിക്കുന്നതിനായി വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ന്യൂനതകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ? | (സി) | പട്ടികജാതി വികസന വകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്ന ഓഫീസുകളിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വകുപ്പുതലത്തിൽ ഓഡിറ്റിംഗും വിജിലൻസ് പരിശോധനകളും നടത്തിവരുന്നു. പദ്ധതികൾ അർഹരായ ഗുണഭോക്താക്കൾക്കുതന്നെയാണോ ലഭിക്കുന്നതെന്നത് പരിശോധിക്കുന്നതിന് കൃത്യമായ ഇടവേളകളിൽ ഉന്നതതല പരിശോധന ബന്ധപ്പെട്ട ഓഫീസുകളിൽ നടത്തുന്നതിനുള്ള നടപടികൾസ്വീകരിച്ച് വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ആനുകൂല്യങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കി പ്രവർത്തനക്ഷമതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്. ജില്ലാതലം മുതൽ സംസ്ഥാനതലം വരെയുള്ള കമ്മിറ്റികളുടെ മോണിറ്ററിംഗ് സംവിധാനത്തിലൂടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കികൊണ്ട് പദ്ധതി നടപ്പാക്കി വരുന്നു. ഇതിനുപുറമെ വകുപ്പിന്റെ കീഴിൽ തന്നെയുള്ള ആഡിറ്റ് സംവിധാനം വഴി പദ്ധതികളുടെ ചെലവിനങ്ങളും കൃത്യമായി പരിശോധനാ വിധേയമാക്കുന്നു. |

സെക്ഷൻ ഓഫീസർ